**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6494** **20-03-2023 - ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിലെ ജലജീവൻ പദ്ധതി പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം മണ്ഡലത്തിൽ നിലവിൽ എത്ര ഗാർഹിക, ഗാർഹികേതര കുടിവെള്ള കണക്ഷനുകളുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ കായംകുളം മണ്ഡലത്തിലെ കണക്ഷനുകൾ<br><br>ഗാർഹികം - 22924<br><br>ഗാർഹികേതരം - 501 |
| (ബി) | ജലജീവൻ പദ്ധതി വഴി കണക്ഷനുകൾ ലഭിച്ചിട്ടും കുടിവെള്ളം ലഭിക്കാത്ത ഉപഭോക്താക്കളുടെ വാട്ടർ ചാർജ്ജ് ഒഴിവാക്കി നൽകുന്നത് പരിഗണിക്കുമോ; | (ബി) | ജലജീവൻ പദ്ധതി മുഖേന കണക്ഷൻ നൽകിയിട്ടും കുടിവെള്ളം ലഭ്യമാകാത്ത കണക്ഷനുകളിൽ നൽകിയ ബിൽ തുക കുറവ് ചെയ്ത് നൽകുന്നതാണ്. |
| (സി) | ആംനസ്റ്റി പദ്ധതി പ്രകാരം കായംകുളം മണ്ഡലത്തിലെ ഉപഭോക്താക്കൾക്ക് എത്ര തുകയുടെ ഇളവാണ് അനുവദിച്ചിട്ടുള്ളതെന്നും എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (സി) | ആംനസ്റ്റി പദ്ധതി പ്രകാരം കായംകുളം മണ്ഡലത്തിലെ ഉപഭോക്താക്കൾക്ക് നൽകിയ ഇളവ് - 2,38,59,424/- രൂപ<br><br>1885 പേർക്ക് ആംനസ്റ്റി പദ്ധതിയുടെ പ്രയോജനം ലഭിച്ചു. |
| (ഡി) | പ്രസ്തുത പദ്ധതിയിലൂടെ കായംകുളം മണ്ഡലത്തിൽ നിന്നും എത്ര തുക സമാഹരിക്കാൻ കഴിഞ്ഞുവെന്ന് വിശദമാക്കാമോ? | (ഡി) | ആംനസ്റ്റി പദ്ധതിയിലൂടെ കായംകുളം മണ്ഡലത്തിൽ നിന്നും നാളിതുവരെ 25,33,137/- രൂപ സമാഹരിക്കാൻ കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ